അശ്റഫ് കല്ലോട്

# വെയിലിനോട്

ഈ പെയ്തുതീർന്ന
പെരുമഴകളെയൊക്കെയും
ഒറ്റച്ചിരിയാൽ
പുഛിച്ചു തള്ളുന്ന വേനലേ
നിനക്കു ഞാൻ
കരുതി വെച്ചിട്ടുണ്ട്.



# പിടഞ്ഞുവീഴുന്ന ഇലകൾ

സലാം കരുവമ്പൊയിൽ

ഇനി
എന്ത് പുറത്തേക്കൊഴുകാൻ,
വരണ്ട
അടയാള വാക്യങ്ങളുടെ
അരിപ്പു പാത്രങ്ങളിൽ നിന്ന്
ഉഛ്വാസ നിശ്വാസങ്ങളുടെ
എല്ലുചീന്തുകളോ?
സന്ധിബന്ധമറ്റ നിഴലുകളുടെ
അസ്ഥിരമായ ഞരക്കങ്ങളോ?

ചുമച്ചും കിതച്ചുമല്ലോ
രാത്രി..!
ഒക്കെയും,
കഠോരമായ ഒരു ചതുപ്പുകണ്ടത്തിന്റെ
പ്രണയികൾ.

മോർച്ചറിയുടെ അന്നം
ഇരുട്ടിന്റെ കൊമ്പുകൾ
മരണ വാർഡിലെ
ഇരുൾ വിസർജിച്ച പൊത്തുകൾ..

ഇലകൾ
പിടഞ്ഞു വീഴുക തന്നെയാണ്,
മോന്തായം ചിതൽ തിന്ന
ഒരു അന്തിയുടെ
പാടവരമ്പത്തേക്ക്
ചോരവാർന്നു പോയ വിലാപത്തിന്റെ
പുനരാഖ്യാനം പോലെ..

ഇനി, ഒരിലയും മൊഴിയാതെ
ചില്ലകൾ വിവസ്ത്രമാവുമല്ലോ..
ഒരു വാക്കും മൊരിയാതെ
ചങ്കുകൾ
തീയണഞ്ഞു പോവുമല്ലോ..!